"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഡോ. ശിവരാജൻ കെ. ജി. ഫയൽ ചെയ്ത ഒ.എ(ഇ.കെ.എം) 1701/2024 മേലുള്ള 07/01/2025 തീയതിയിലെ ഉത്തരവ് അനുവർത്തനം ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.265/2025/H&FWD തീയതി,തിരുവനന്തപുരം, 30-01-2025

---

പരാമർശം:-

1. ഡോ. ശിവരാജൻ കെ. ജി , സിവിൽ സർജൻ സമർപ്പിച്ച അപ്പീൽ അപേക്ഷ (Annexure A5).
2. 06.09.2024 തീയതിയിലെ സ.ഉ (സാധാ) നം. 2146/2024/H&FWD
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 04.01.2025 തീയതിയിലെ DHS/9543/2024 - ഇആർ1 നമ്പർ കത്ത്.
4. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. (ഇ.കെ.എം) 1701/2024 മേലുള്ള 07/01/2025 തീയതിയിലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിലെ സിവിൽ സർജനായ ഡോ. ശിവരാജൻ കെ. ജി. പരാമർശം (2) പ്രകാരമുള്ള സ്ഥലംമാറ്റ ഉത്തരവിനെതിരെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ OA (EKM) 1701/2024 ഫയൽ ചെയ്തിരുന്നു. പ്രസ്തുത OA യിന്മേലുള്ള പരാമർശം (4) ഉത്തരവിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ നാല് ആഴ്ചകൾക്കുള്ളിൽ, അപേക്ഷകൻ സമർപ്പിച്ച Annexure A5 അപ്പീൽ അപേക്ഷ പരിഗണിച്ച് തീരുമാനം എടുക്കുന്നതിന് ഒന്നാം എതിർ കക്ഷിക്ക് ബഹു. ട്രൈബ്യൂണൽ നിർദ്ദേശം നൽകിയിരുന്നു. അതുവരെ അപേക്ഷകനെ നിലവിലെ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യരുതെന്നും ബഹു. ട്രിബ്യൂണൽ ഉത്തരവായിരുന്നു.

2. പരാമർശം (2) ഉത്തരവ് പ്രകാരം തൃശ്ശൂർ പുതുക്കാട് താലൂക്ക് ആശുപത്രിയിലെ സിവിൽ

സർജൻ ആയ ഡോ.ശിവരാജൻ കെ ജി-ക്ക് മാള സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റ നിയമനം നൽകിയിരുന്നു. ഡോ.ശിവരാജൻ കെ. ജി. പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷയിൽ പരാമർശം (2) ഉത്തരവ് പ്രകാരം ടിയാന് മാള സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ടെങ്കിലും 31-03-2025 ന് ടിയാൻ സർവ്വീസിൽ നിന്നും വിരമിക്കും എന്നത് കണക്കിലെടുത്ത് വിരമിക്കുന്നത് വരെ തൃശ്ശൂർ പുതുകാട് താലൂക്ക് ആശുപത്രിയിൽ തന്നെ തുടരുന്നതിന് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു.

3. പ്രസ്തുത വിഷയം സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പരാമർശം (2) പ്രകാരമുള്ള ആരോഗ്യ വകുപ്പിലെ സിവിൽ സർജൻമാരുടെ 2024 ലെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ മാള സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സിവിൽ സർജൻ ഡോ. ആശ പി. എസ്. -നെ പുതുക്കാട് താലൂക്ക് ആശുപത്രിയിലേക്കും പുതുക്കാട് താലൂക്ക് ആശുപത്രിയിലെ സിവിൽ സർജൻ ഡോ.ശിവരാജൻ കെ. ജി. യെ മാള സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്കും സ്ഥലം മാറ്റിയിരുന്നു. ഡോ.ആശ പി. എസ്. 16-06-2003 മുതൽ മാള സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ജോലി ചെയ്ത് വരുന്നതിനാലാണ് ടി ഡോക്ടറെ പുതുക്കാട് താലൂക്ക് ആശുപത്രിയിലേക്കും ഡോ. ശിവരാജൻ കെ. ജി. യെ മാള സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്കും സ്ഥലംമാറ്റുന്നതിനുള്ള ശിപാർശ സമർപ്പിച്ചതെന്നും 03-05-2024 ലെ സ.ഉ (സാധാ) നം. 1098/2024/H&FWD പ്രകാരമാണ് ഡോ. ശിവരാജൻ കെ. ജി. യ്ക്ക് സിവിൽ സർജൻ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി പുതുക്കാട് താലൂക്ക് ആശുപത്രിയിൽ നിയമിച്ചിരുന്നതെന്നും 2024 ലെ പൊതുസ്ഥലംമാറ്റത്തിന് വിധേയമായി ആവശ്യമെങ്കിൽ പുന.പരിശോധിക്കും എന്ന വ്യവസ്ഥയിലാണ് സ്ഥാനക്കയറ്റ നിയമനം നൽകിയിരുന്നതെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഡോ.ശിവരാജൻ കെ. ജി. യുടെ വിരമിക്കൽ തീയതി 31-03-2025 ആണ് എന്നത് പരിഗണിച്ച് ഡോ.ശിവരാജൻ കെ ജി യെ തൃശ്ശൂർ പുതുക്കാട് താലൂക്ക് ആശുപത്രിയിലും ഡോ.ആശ പി. എസ്. -നെ മാള സാമൂഹികാരോഗ്യ കേന്ദ്രത്തിലും നിലനിർത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ഡോ. ശിവരാജൻ കെ. ജി., സിവിൽ സർജൻ ഫയൽ ചെയ്ത OA (EKM) 1701/2024 -ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (4) ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം ) , തൃശ്ശൂർ.
ഡോ. ശിവരാജൻ കെ. ജി., സിവിൽ സർജൻ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).
ഡോ ആശ പി എസ്, സിവിൽ സർജൻ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ
Signed by
Anupama G Nair
Date: 30-01-2025 15:25:03

<u>മേലെഴുത്തു കത്ത്  നമ്പർ  **DHS/9543/2024-ER1  01-02-2025**</u>

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും തുടർനടപടിക്കുമായി ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
M . Abul Kalam
Date: 01-02-2025 16:34:46

Senior Administrative Officer
ആരോഗ്യ വകുപ്പ് ഡയറക്ടർക്കുവേണ്ടി